**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 373** **07-10-2024 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ നികത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സെക്രട്ടറി ഉൾപ്പെടെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾക്കും തടസ്സം നേരിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ, വിശദമാക്കുമോ; | (എ) | തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾക്കും തടസ്സം നേരിടുന്നതായി സർക്കാരിൽ പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിദിനം ലഭ്യമാകുന്ന കെട്ടിട പെർമിറ്റുകളും മറ്റ് അപേക്ഷകളും, മരാമത്ത് പ്രവർത്തികളും ഉൾപ്പെടെയുള്ള ജോലികൾ സുഗമമായി നടപ്പിലാക്കാൻ പ്രയാസം നേരിടുന്നതിനാൽ ആവശ്യമായ ജീവനക്കാരെ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിങ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ പൊതു സ്ഥലംമാറ്റം / സ്ഥാനക്കയറ്റം മുഖേനയും, എൻടി കേഡർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. യിൽ നിന്നും നിയമനശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകിയും നികത്തുന്നതാണ് . |
| (സി) | സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് കാരണം എം.എൽ.എ ഫണ്ട് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതിനാൽ ആവശ്യമായ ജീവനക്കാരെ അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിങ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ പൊതു സ്ഥലംമാറ്റം / സ്ഥാനക്കയറ്റം മുഖേനയും, എൻടി കേഡർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. യിൽ നിന്നും നിയമനശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകിയും നികത്തുന്നതാണ് . |

സെക്ഷൻ ഓഫീസർ